**അടിയന്തിരം**

നമ്പർ.ബി.2/9854/ടിസി/2014.

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം.**
മൂന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി: 30/05/2018.

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും.

സർ,

വിഷയം:- **മോട്ടോർ വാഹന വകുപ്പ്** – അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിച്ചിട്ടുള്ള ആൾ ഇൻഡ്യാ ടൂറിസ്റ്റ് ബസുകളുടെ 01/04/2014 മുതലുള്ള നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച്.

സൂചന :- 1 ഫിനാൻസ് ആക്ട് - 2014.

2 ഇതേ നമ്പറിൽ 25/01/2017, 30/03/2017, 18/11/2017, 20/11/2017, 01/12/2017 എന്നീ തീയതികളിൽ ഈ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശങ്ങൾ.

3 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 7490/2014 നമ്പർ കേസിലേയും അനുബന്ധ കേസുകളിലേയും 21/12/2016 ലെ ഉത്തരവ്.

4 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WA-476/2017 ലെ 29/03/2017 തീയതിയിലെ ഇടക്കാല ഉത്തരവ്.

5 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WA-476/2017 ലെ 27/10/2017 തീയതിയിലെ അന്തിമ വിധിന്യായം.

6 ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ SLP(C) – 33609-617/2017 കേസിലെ 11/05/2018 ലെ ഉത്തരവ്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

01/04/2014 മുതൽ 18/07/2016 വരെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പ്രവേശിച്ചിട്ടുള്ള ഇന്റർസ്റ്റേറ്റ് കോൺട്രാക്ട് ക്യാരേജുകളിൽ നിന്നും കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സൂചന(2) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത കേസിൽ സൂചന (5) പ്രകാരമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധിക്കെതിരെ ശ്രീ. കെ.ആർ. സുരേഷ് കുമാറും മറ്റും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLP(C) -33609-617/2017 നമ്പർ

കേസുകൾ 11/05/2018 - ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിയിരിക്കുകയാണ്. ആയതിനാൽ 2014-16 കാലയളവിലെ നികുതി കടിശ്ശിക പിരിച്ചെടുക്കുവാനുള്ള എല്ലാ വാഹനങ്ങളിൽ നിന്നും ആയത് പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാനും ആയത് സംബന്ധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് (നിശ്ചിത പ്രൊഫോർമയിൽ) എല്ലാ മാസവും ഒന്നാം തീയതി ഈ ഓഫീസിൽ ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 11/05/2018 ലെ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സർക്കാരിന് ലഭ്യമാക്കേണ്ടതായ നികുതി കടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ടി വിഷയത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും മേൽനോട്ടം വഹിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,<br>
(ഒപ്പ്)<br>
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ<br>
(ടാക്സേഷൻ)<br>
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,

സൂപ്രണ്ട്.